# പതിനാലാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1105** **12/07/2016 ൽ മറുപടിയ്ക്ക്**

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഇ.കെ.വിജയൻ :** | | **ഡോ.കെ.ടി ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )** |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | പഞ്ചായത്ത് വകുപ്പിൽ നിലവിലുണ്ടായിരുന്ന സീനിയോറിറ്റി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതിയിൽ കേസ്സ് നിലനിൽക്കുന്നതിനാൽ ജോയിൻറ് ഡയറക്ടർ മുതൽ താഴോട്ടുള്ള തസ്തികകളിൽ പ്രൊമോഷനുകൾ മുടങ്ങിയിരിക്കുന്ന സാഹചര്യത്തിൽ നിരവധി തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. ടി കേസ്സിന്റെ വിധിയ്ക്ക് വിധേയമായി സെക്രട്ടറി വരെയുള്ള തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ താൽക്കാലികമായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്.<br><br>പുതുതായി രൂപീകരിച്ച നഗരസഭകളിലും ഗ്രേഡ് ഉയർത്തിയ നഗരസഭകളിലും പുതിയ തസ്തികകൾ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ജീവനക്കാരുടെ കുറവ് പദ്ധതികളുടെ നടത്തിപ്പിന് തടസ്സമാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | സുപ്രീം കോടതി വിധിയ്ക്ക് വിധേയമായി സെക്രട്ടറി വരെയുള്ള തസ്തികകളിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ